# Weekly Devotions –August 2016

## Can The Rain Listen (മഴക്കും ചെവിയോ?)




മഴക്കാലത്ത് കുടയില്ലാതെ പുറത്തിറങ്ങിയ ബാബുവും രാജുവും മഴമൂലം വെയിറ്റിംഗ് ഷെഡ്ഡിൽ കയറി നിന്നു. സമയം അധികമായി എന്ന തോന്നൽ മൂലം രാജു പിറുപിറുക്കുവാൻ തുടങ്ങി. യേശുവിനെ സ്നേഹിക്കുന്ന ബാബു മഴ തോരുവാനായി ദൈവത്തോടു പ്രാർത്ഥിച്ചുകൊണ്ടാണ് നിന്നത്. രാജു ദേഷ്യപ്പെട്ടപ്പോൾ മഴ അഞ്ചുമിനിറ്റിനുള്ളിൽ നിൽക്കും എന്ന് ബാബു പറഞ്ഞു. പറഞ്ഞസമയം കഴിഞ്ഞും മഴ നിൽക്കാത്തതിനാൽ രാജു കൂട്ടുകാരനെ പരിഹസിച്ചു. പ്രാർത്ഥനക്കാരൻ പറഞ്ഞിട്ട് മഴ നിൽക്കാഞ്ഞത് മഴയ്ക്ക് കേൾക്കുവാൻ ചെവി ഇല്ലാത്തതുകൊണ്ടാകാം എന്ന് പരിഹാസരൂപേണ പറഞ്ഞു.ബാബു ശാന്തനായി മറുപടി നൽകി; സുഹൃത്തേ യേശു എന്നോട് പറഞ്ഞതാണ് ഞാൻ പറഞ്ഞത്. യേശു പറഞ്ഞത് ഞാൻ വിശ്വസിച്ചു. എന്നാൽ എന്റെ വിശ്വാസത്തേക്കാൾ അധികമായി നീ അവിശ്വസിച്ചു.അതുകൊണ്ടാണ് മഴ നിൽക്കാത്തത്. കടുക് ഏറ്റവും ചെറിയ ധാന്യമെങ്കിലും വലിയ വൃക്ഷമായി വളരുന്നു. മനുഷ്യർക്ക് തണൽ, പക്ഷികൾക്ക് വിശ്രമസങ്കേതം ഇങ്ങനെ പല കാര്യങ്ങൾക്ക് പ്രയോജനപ്രദമാകുന്നു.

ഈ ചെറുകടുകുമണി പോലെയുള്ള വിശ്വാസം നമുക്ക് ഉണ്ടായാൽ നാം വിശ്വാസത്തോടെ പ്രതികൂലത്തെ നേരിടുന്നവരാകും. പെട്ടെന്ന് രാജുവിന്റെ മുഖത്ത് ശാന്തതയുണ്ടായി, ഉടനെ മഴ നിന്നു. തർക്കത്തിന് വാക്കുകൾ കിട്ടാത്ത രാജുവും ശാന്തനായ ബാബുവും വീട്ടിലേക്ക് മടങ്ങി. യെശയ്യാവ് (26:3)ൽ പറയുന്നു, സ്ഥിരമാനസൻ (man with a steadfast mind) വിശ്വാസത്തിൽ ഉറപ്പുള്ളവനാണ് എന്ന് . രാജു വിശ്വാസത്തിലെത്താൻ സമയമെടുത്തു. എപ്പോൾ കൂട്ടുകാരന്റെ വാക്കുകൾ ശ്രദ്ധയോടെ കേട്ട് ഏറ്റെടുത്തോ അപ്പോൾ മഴ മാറുകയും

ചെയ്തു. വിശ്വാസത്തിൽ സ്ഥിരതയുള്ളവന് ദൈവം ഒരുക്കിയ സമാധാനം രാജുവിന് അനുഭവവേദ്യമായിബാബുവിന്റെ വിശ്വാസം മൂലം രാജുവും വിശ്വാസിയായിത്തീർന്നു.

ആത്മാർത്ഥതയും , സ്നേഹവും , കരുണയും നഷ്ടപ്പെട്ട ലോകത്തിൽ പ്രീയമുള്ളവരേ നിങ്ങൾ നിരാശയിലാണോ കഴിയുന്നത് ? പ്രശ്നങ്ങളുടെ ഭയങ്കരത നിങ്ങളെ അലട്ടാറുണ്ടോ? മേലുദ്യോഗസ്ഥർ തന്ന Assignment എങ്ങനെ പൂർത്തിയാക്കും, Review ൽ ഒരു നല്ല മറുപടി കൊടുപ്പാൻ കഴിയുമോ? ഇങ്ങനെ ഓർത്ത് ഭാരപ്പെടേണ്ട. സ്ഥിരമാനസന്റെ ആശ്രയം യഹോവയത്രെ. പ്രശ്നത്തെ നോക്കാതെ ദൈവമുഖത്തേക്കു നോക്കുക. ദർശന ധൈര്യമാണ് വെള്ളത്തിൻമീതെ നടക്കുവാൻ പത്രോസിന് ധൈര്യം നൽകിയത്. ദർശനം മാറ്റിയപ്പോൾ കാറ്റു കണ്ടു പേടിച്ച പത്രോസ് രക്ഷയ്ക്കായി നിലവിളിച്ചു. അല്പവിശ്വാസമാണ് ഇതിനുകാരണമെന്ന് യേശു അവന്റെ സംശയത്തെ ചോദ്യം ചെയ്യുന്നതിൽ നിന്ന് നമുക്ക് മനസ്സിലാക്കാം.

യെരിഹോ കടക്കുന്നതിന്റെ ചിന്ത യോശുവയുടെ തല കുനിയുവാൻ കാരണമായി എന്നത് യോശുവ(5:13)ൽ നിന്ന് മനസ്സിലാക്കാം.യെരിഹോയുടെ സമീപത്തിരുന്നവൻ തല ഉയർത്തി എന്ന് കാണാം. തല ഉയർത്തി നോക്കിയവൻ സൈന്യാധിപനോട് തന്നോടുള്ള കല്പന എന്തെന്ന് ചോദിച്ച് മനസ്സിലാക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്തപ്പോൾ യെരിഹോ തകർന്നു. (യോശു 6:26), പ്രശ്നം ഉണ്ടാകുമ്പോൾ തലകുനിയുകയല്ല വേണ്ടത് തല ഉയർത്തി വിശ്വാസത്തോടെ ദൈവ മുഖത്തേക്ക് നോക്കണം. പൂർണ്ണ വിശ്വാസത്തോടെ ദൈവീക നിർദ്ദേശം അനുസരിക്കുന്നവന് പൂർണ്ണ സമാധാനവും, സന്തോഷവും ലഭിക്കുന്നു.

പൂർണ്ണ സമാധാനം (Perfect Peace) എന്നാൽ സമാധാനത്തിനുള്ളിലെ മറ്റൊരു സമാധാനം എന്നാണ്. സമാധാനത്തിന്റെ അടുക്കുകൾ ഉളവാക്കുവാനോ ഇല്ലാതാക്കുവാനോ ആർക്കും കഴിയുകയില്ല. ക്രിസ്തു അത്രേ അത് നമുക്ക് ദാനമായി നൽകുന്നത്. സ്ഥിരമാനസനു പൂർണ്ണ സമാധാനം മാത്രമല്ല അവന്റെ ശത്രുക്കളുടെ മുൻപിൽ തല ഉയർത്തുവാനും കഴിയും. “നീയോ യഹോവേ/ എനിക്ക് പരിചയും,എന്റെ മഹത്വവും എന്റെ തല ഉയർത്തുന്നവനും ആകുന്നു” എന്ന് സങ്കീ : (3:3) ൽ കാണുന്നു. അപ്രകാരം തല ഉയർത്തി പ്രതികൂലങ്ങളെ അതിജീവിപ്പാൻ ദൈവം നിങ്ങളെ സഹായിക്കട്ടെ.

## <u>പ്രാർത്ഥന</u>

ആദ്യ വിശ്വാസം അവസാനത്തോളം മുറുകെ പിടിയ്ക്കുവാൻ പഠിപ്പിച്ച ദൈവമേ! വിശ്വാസത്തിൽ സ്ഥിരത പ്രാപിപ്പാൻ സഹായിക്കേണമേ ഞങ്ങളുടെ കണ്ണ് അങ്ങയിലേക്കുയർത്തി ആ സഹായം നൽകുന്ന പർവ്വതത്തെ ആശ്രയിച്ച് കാൽ വഴുതാതെ മുൻപോട്ട് യാത്ര ചെയ്യുവാൻ തുണയ്ക്കേണമേ, യേശുവിൻ നാമത്തിൽ തന്നേ, ആമേൻ.

Santhamma Varghese
Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind